**ക്രമപ്രശ്നം**

ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 2018 ഏപ്രിലിൽ നിയമസഭയിൽ ഞാനൊരു ചോദ്യം ഉന്നയിച്ചിരുന്നു. അത് എത്ര ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും അതുമായി ബന്ധപ്പെട്ട എത്ര ബില്ലുകൾ അവതരിപ്പിക്കാൻ ബാക്കിയുണ്ടെന്നുമായിരുന്നു. അതിന് ലഭിച്ച ഉത്തരമാണ് ഈ ക്രമപ്രശ്നം ഉന്നയിക്കാൻ എനിക്കുണ്ടായ പ്രചോദനം. ഒരു പുതിയ നിയമം മുഖേനയോ നിയമഭേദഗതി മുഖേനയോ അടിയന്തരമായി നടപ്പാക്കേണ്ട ഒരു ആവശ്യം അനിവാര്യമായി വരുന്ന ഘട്ടത്തിൽ, അപ്പോൾ നിയമസഭ സമ്മേളിക്കാതിരുന്നപക്ഷം ആ ആവശ്യം നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് മന്ത്രിസഭയുടെ ശിപാർശപ്രകാരം ഭരണഘടനയുടെ 213(1) അനുച്ഛേദപ്രകാരം ഓർഡിനൻസ് പുറപ്പെടുവിക്കാവുന്നതാണ്. എന്നാൽ ഭരണഘടനയുടെ അനുച്ഛേദം 213(3) പ്രകാരം, ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം വരുന്ന ആദ്യ സഭാ സമ്മേളനം തുടങ്ങി 42 ദിവസത്തിനകം ഓർഡിനൻസിനുപകരം ബിൽ പാസ്സാക്കപ്പെട്ടില്ലെങ്കിൽ ആ

ഓർഡിനൻസ് ലാപ്സായിപ്പോകുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി 60 ഓർഡിനൻസുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. നിയമസഭയെ നോക്കുകുത്തിയാക്കി എക്സിക്യൂട്ടീവ് ഭരണം കയ്യാളുന്ന അത്യന്തം ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് ഇന്ന് കേരളത്തിലുള്ളത്. ഇതിൽ 31 എണ്ണം പുനർവിളംബരം ചെയ്തിട്ടുണ്ട്. ഈ നിയമസഭാ സമ്മേളനം കഴിയുന്നതോടെ ശേഷിക്കുന്ന 17 ഓർഡിനൻസുകൾ വീണ്ടും പുനർവിളംബരം ചെയ്യേണ്ടതായും വരുന്നു. വിദ്യാഭ്യാസം, റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾ ഓർഡിനൻസിനുപകരമുള്ള ബില്ലുകൾ നിയമസഭയിൽ കൊണ്ടുവരുന്നതിൽ താല്പര്യം കാട്ടുന്നില്ല. ഓർഡിനൻസുകൾ വീണ്ടും വീണ്ടും വിളംബരം നടത്തി അവർ മുന്നോട്ടുപോകുകയാണ്. വളരെ കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന നിയമസഭയുടെ വെബ്സൈറ്റിൽപ്പോലും ഓർഡിനൻസുകളെ സംബന്ധിച്ച കൃത്യമായ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പതിനാലാം കേരള നിയമസഭ നാളിതുവരെ 137 ദിവസം സമ്മേളനം ചേരുകയും 10 ധനവിനിയോഗ ബില്ലുകൾ ഉൾപ്പെടെ 46 ബില്ലുകൾ പാസ്സാക്കിയെങ്കിലും ഓർഡിനൻസുകൾ യഥാസമയം നിയമമാക്കി മാറ്റുന്നതിൽ

വകുപ്പുകൾ തികഞ്ഞ അനാസ്ഥയാണ് കാട്ടുന്നത്. ഓർഡിനൻസുകൾ പുറപ്പെടുവിച്ചാൽ അതിനുപകരമുള്ള ബിൽ, ഓർഡിനൻസ് പ്രഖ്യാപിച്ചതിനെത്തുടർന്ന് ഏറ്റവും അടുത്തുവരുന്ന സമ്മേളനത്തിൽ പാസ്സാക്കണമെന്ന 27.06.1994-ലെ റൂളിംഗ് നിലവിലുണ്ട്. അതുപോലെ ഒഴിവാക്കാൻ പറ്റാത്ത അസാധാരണ സന്ദർഭങ്ങളിൽ മാത്രം വളരെ ചുരുക്കമായി പ്രയോഗിക്കാവുന്ന ആയുധമാണ് ഓർഡിനൻസുകളെന്നും ഇത് ലാഘവബുദ്ധിയോടെ കാണരുതെന്നും 18.02.1994-ൽ ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയിട്ടുണ്ട്. പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനമായ ഈ സമ്മേളനത്തിൽ 14 ഓർഡിനൻസുകൾ മാത്രമാണ് നിയമമാക്കാൻ സാധിച്ചത്. അതിനാൽ ഏതെങ്കിലും നിയമം സംബന്ധിച്ച ഓർഡിനൻസ് പ്രസിദ്ധീകരിക്കുന്ന സാഹചര്യങ്ങളിൽ പ്രസ്തുത ഓർഡിനൻസ് റീപ്ലേസ് ചെയ്തുകൊണ്ട് നിയമനിർമ്മാണം നടത്തുന്നതിലേയ്ക്ക് ബില്ലുകൾ തയ്യാറാക്കി സഭയുടെ അടുത്ത സമ്മേളനത്തിൽ കൊണ്ടുവരുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ ജാഗ്രത കാട്ടണം. അതുപോലെ സഭയ്ക്കുമുന്നിൽ 120 ബില്ലുകൾ നിയമനിർമ്മാണം നടത്തുന്നതിലേയ്ക്കായി പ്രസിദ്ധീകരിച്ചിട്ടുള്ള സാഹചര്യത്തിലും എല്ലാ ഓർഡിനൻസുകൾക്കും പകരം ബിൽ കൊണ്ടുവന്ന്

പാസ്സാക്കാതിരിക്കുന്ന സാഹചര്യത്തിലും സഭയുടെ മുന്നിൽ മറ്റ് ബിസിനസുകൾ ഇല്ലെന്ന പ്രസ്താവനയോടെ സഭാസമ്മേളനം അവസാനിപ്പിക്കേണ്ടിവരുന്നത് ഖേദകരമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ ഉചിതമായ റൂളിംഗ് നൽകണമെന്നും അഭ്യർത്ഥിക്കുന്നു. ഈ വിഷയം സഭയിൽ ചട്ടം 303 പ്രകാരം ഞാൻ ഉന്നയിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്ന് ക്രമപ്രശ്നം ഉന്നയിച്ചതിൽ വസ്തുതാപരമല്ലാത്ത കുറെ കാര്യങ്ങളുണ്ട്, ചില കാര്യങ്ങൾ ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധാരാളം ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നുവെന്നും നിയമസഭയെ നോക്കുകുത്തിയാക്കി എക്സിക്യൂട്ടീവ് ഭരണം കയ്യാളുന്ന സ്ഥിതിയുണ്ടെന്നുമാണ് ബഹുമാനപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ ക്രമപ്രശ്നത്തിന്റെ ഉള്ളടക്കം. നിയമസഭ സമ്മേളിക്കാത്ത കാലയളവിൽ, അടിയന്തര ഘട്ടത്തിൽ നിയമനിർമ്മാണം നടത്തേണ്ടിവരുന്ന സാഹചര്യത്തിലാണ് ഭരണഘടന ആർട്ടിക്കിൾ 213(1) പ്രകാരം ഓർഡിനൻസ്

പുറപ്പെടുവിക്കുന്നത്. കാലാകാലങ്ങളിൽ സംസ്ഥാന സർക്കാരുകളും കേന്ദ്ര സർക്കാരും അടിയന്തരഘട്ടങ്ങളിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കാറുണ്ട്. മുമ്പും ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽ ഈ ഓർഡിനൻസുകൾ ബില്ലാക്കി അവതരിപ്പിച്ച് പാസ്സാക്കുന്നതും അപ്രകാരം കഴിയാത്ത സാഹചര്യത്തിൽ ഓർഡിനൻസ് പുനർവിളംബരം ചെയ്യുന്ന സ്ഥിതിയുമാണ് സാധാരണനിലയിൽ ഉണ്ടാകാറുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള ആദ്യത്തെ 2 വർഷത്തിനകംതന്നെ 46 ബില്ലുകൾ സഭയിൽ അവതരിപ്പിച്ച് ഇതിനകം പാസ്സാക്കിയിട്ടുണ്ട്. ഈ സെഷൻ പൂർത്തിയാകുമ്പോൾ ആകെ 60 നിയമനിർമ്മാണങ്ങൾ പൂർത്തീകരിക്കും. ഈ ചെറിയ കാലയളവിൽ ഇത്രയധികം നിയമനിർമ്മാണം പൂർത്തീകരിച്ച മറ്റേതെങ്കിലും സർക്കാരുണ്ടോയെന്ന് സംശയമാണ്. നിയമസഭയെ വിശ്വാസത്തിലെടുത്തുപോകുന്ന ഒരു സർക്കാരാണിത്. സർക്കാർ വന്നതിനുശേഷം 2016-ൽ 1, 2017-ൽ 27, 2018-ൽ 7 എന്നിങ്ങനെ ആകെ 35 ഓർഡിനൻസുകളാണ് പുറപ്പെടുവിച്ചത്. സഭയുടെ ഈ സമ്മേളനത്തിനുമുമ്പുതന്നെ 17 ഓർഡിനൻസുകൾ ഒഴികെ ബാക്കിയുള്ളവ

നിയമനിമ്മാണം പൂർത്തീകരിച്ചതാണ്. ഈ സഭയുടെ 11-ാം സമ്മേളനം ആരംഭിക്കുമ്പോൾ ബാക്കി 19 ഓർഡിനൻസുകളാണ് ഉണ്ടായിരുന്നത്. ഈ ഓർഡിനൻസുകൾക്കുപകരം നിയമനിർമ്മാണം നടത്തുന്നതിനുവേണ്ടിയാണ് സഭ ഇപ്പോൾ പ്രത്യേകം ചേരുന്നത്. പ്രസ്തുത 17 ഓർഡിനൻസുകളിൽ ഇതിനകം 12 എണ്ണം ഈ സമ്മേളനത്തിൽ നിയമനിർമ്മാണം പൂർത്തീകരിച്ചു. ഇന്ന് 2 ഓർഡിനൻസിനുപകരമുള്ള ബില്ലുകൾ കൂടി സഭയുടെ പരിഗണനയ്ക്ക് വരികയാണ്. ഇതോടെ കേവലം 3 ഓർഡിനൻസുകൾ മാത്രമാണ് ഇനി ബാക്കിയുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 31 ഓർഡിനൻസുകൾ പുനർവിളംബരം നടത്തിയിട്ടില്ല. ആകെ 17 എണ്ണം മാത്രമാണ് സഭചേരുന്ന സമയം നിലവിലുണ്ടായിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓർഡിനൻസ് അല്ലാതെ സാധാരണരീതിയിലുള്ള നിയമനിർമ്മാണത്തിനായി ഇതിനകം 17 ബില്ലുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇനി കേവലം 3 ഓർഡിനൻസുകൾ മാത്രമാണ് നിയമനിർമ്മാണം നടത്താൻ ബാക്കിയുള്ളത്. അതുകൊണ്ട് ഓർഡിനൻസ് ഭരണം നടത്തുന്നുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. മുകളിൽ സൂചിപ്പിച്ചതുപോലെ നിയമനിർമ്മാണത്തിനായി മാത്രം ഈ സെഷൻ വിളിച്ച്

ചേർത്തുതന്നെ നിയമസഭയെ വിശ്വാസത്തിലെടുത്ത് സർക്കാർ മുന്നോട്ടുപോകുന്നു എന്നതിന്റെ പ്രകടമായ തെളിവാണ്. സഭയ്ക്ക് മുമ്പിൽ 120 ബില്ലുകൾ നിയമനിർമ്മാണം നടത്തുന്നതിലേയ്ക്കായി പ്രസിദ്ധീകരിച്ച് നിലവിലുണ്ടെന്ന് പറയുന്നതും അടിസ്ഥാനരഹിതമാണ്. പ്രസിദ്ധീകരിച്ച ബില്ലിൽ 50-ഓളം ബില്ലുകൾ മാത്രമേ ഇനി നിയമനിർമ്മാണം നടത്താൻ ബാക്കിയുള്ളൂ. അത് സാധാരണനിലയിൽ വളരെക്കുറവാണ്.